LIBRARY ARCHIVES Kerala Legislative Assembly

കൊടുവള്ളി നിയോജകമണ്ഡലത്തിൽ ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കാൻ നടപടി

42 [1939] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 2001 ഏപ്രിൽ മുതൽ 2004 ഡിസംബർ വരെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയിൽപ്പെടുത്തി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു ;

(ബി) അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം ട്രാൻസ്ഫോർമറുകളാണ് പണി ആരംഭിച്ച് പൂർത്തീകരിക്കാതെ കിടക്കുന്നത്, ഇവ പ്രവർത്തനക്ഷമമാക്കാൻ എന്താണ് തടസ്സമെന്ന് വിശദമാക്കുമോ ;

(ഡി) ഇവ എപ്പോൾ പ്രവർത്തനക്ഷമമാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നാല് എണ്ണം.

(ബി) 1. പൂവരങ്ങാടി
2. ചുള്ളിയോട് മുക്ക്
3. പനയംകണ്ടി
4. വീര്യമ്പ്രം

(സി) സാധന സാമഗ്രികളുടെ അപര്യാപ്തതമൂലം താഴെ പറയുന്ന ട്രാൻസ്ഫോമറുകളുടെ പണി പൂർത്തീകരിക്കാനായിട്ടില്ല.

1. ഓടുപാറ
2. കാരുകുളങ്ങര
3. കണ്ടിയിൽ മിത്തൽ

(ഡി) സാധന സാമഗ്രികൾ ശേഖരിക്കുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞു. മുഴുവൻ സാധനങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തി പൂർത്തിയാക്കാവുന്നതാണ്.

ആദിവാസി കോളനികളിലെ സൗരോർജ്ജ ദീപങ്ങൾ

43 [1940] ശ്രീ. പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള :
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതികൊണ്ട് ഏതെല്ലാം ആദിവാസി കോളനിയിൽ വൈദ്യുത ദീപങ്ങൾ തെളിയിക്കുന്നുണ്ട് ;